(ബി) കാസർഗോഡ് ജില്ലയിലെ വൈദ്യുതി ഓഫീസുകളിലെ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.†

(ബി ആന്റ് സി) പ്രൊമോഷൻ വഴിയും പി.എസ്.സി. വഴിയുള്ള നിയമനങ്ങളിലൂടെയും കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ കഴിവതും വേഗം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ പവർ പ്രോജക്ട്

47 [1135] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തുടങ്ങുവാനുദ്ദേശിച്ച കണ്ണൂർ പവർ പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ ആന്റ് ബി) നാഫ്ത/എൽ.എൻ.ജി. ഇന്ധനമായി ഉപയോഗിച്ച് വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റ് 14-3-1996-ൽ കെ.എസ്.ഇ.ബി.യും കണ്ണൂർ പവർ പ്രോജക്ട് (പ്രൈവറ്റ്) ലിമിറ്റഡും ഒപ്പുവച്ചു. പദ്ധതിക്കാവശ്യമായ ടെക്നോ എക്കണോമിക് ക്ലിയറൻസ് 16-2-2000-ൽ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി നൽകുകയും താൽക്കാലിക ഫിനാൻഷ്യൽ പാക്കേജ് അംഗീകരിക്കുകയും ചെയ്തു. പിന്നീട് 14-8-2002-ൽ എൽ.എൻ.ജി. ഇന്ധനമായിട്ട് പദ്ധതി നടപ്പിലാക്കാൻ ചില വ്യവസ്ഥകൾക്ക് വിധേയമായി എൽ-പാസ്സോയെയോ മറ്റേതെങ്കിലും കമ്പനിയേയെങ്കിലോ കോ-പ്രമോട്ടർ ആക്കുവാൻ അനുവാദം നൽകുകയുണ്ടായി. പദ്ധതിക്ക് ആവശ്യമായ എൽ.എൻ.ജി. ലഭ്യമാക്കുന്നതിലേക്ക് പെട്രോനെറ്റുമായി കമ്പനി ധാരണാപത്രം ഒപ്പുവച്ചു. ഇതിനിടയിൽ ടെക്നോ എക്കണോമിക് ക്ലിയറൻസ് കാലാവധി 31-3-2005 വരേയോ എൽ.എൻ.ജി. ലഭ്യമാകുന്നത് വരേയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിക്കണമെന്ന് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിക്ക് ശുപാർശ ചെയ്യുവാനുള്ള കമ്പനിയുടെ ആവശ്യം സർക്കാരിന്റെ പരിശോധനയിലാണ്.

ഭക്ഷ്യസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടി

48 [1136] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ചും സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ചും വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സർക്കാർ 14143 റേഷൻകടകൾ വഴി പൊതുജനങ്ങൾക്ക് റേഷൻ വിതരണം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ദരിദ്രരിൽ ദരിദ്രരായ 4,65,167 കുടുംബങ്ങൾക്ക് 25-2-2001 മുതൽ പ്രതിമാസം 35 കിലോഗ്രാം അരി 3 രൂപ നിരക്കിൽ അന്ത്യോദയ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിവരുന്നു. ദേശീയ വൃദ്ധ പെൻഷന് അർഹതയുള്ളതും എന്നാൽ പെൻഷൻ ലഭിക്കാത്തതും അഗതികളുമായ 44,980 പേർക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി വിതരണം ചെയ്യുന്ന അന്നപൂർണ്ണ പദ്ധതി കേന്ദ്രസർക്കാർ നിശ്ചയിച്ചുതന്ന ലക്ഷ്യം കൈവരിച്ച് പൂർണ്ണമായ തോതിൽ നടപ്പിലാക്കിവരുന്നു. വീട്ട് നമ്പർ ഇല്ലാ എന്ന കാരണത്താൽ റേഷൻ കാർഡും അതുവഴി റേഷൻ സാധനങ്ങളും ലഭിക്കാതിരുന്നവർക്ക് 2003 മേയ് മാസം മുതൽ റേഷൻകാർഡുകൾ നൽകിവരുന്നു. അതുപോലെ കൈവശരേഖയോ വീട്ട് നമ്പരോ ഇല്ലാത്ത പാവപ്പെട്ട തീരദേശവാസികൾക്ക് റേഷൻ കാർഡുകൾ നൽകാൻ സർക്കാർ 2004 ജൂൺ മാസം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് റേഷൻ കാർഡുകൾ നൽകുന്നു.

(ബി) 157336 ടൺ അരി, 47793 ടൺ ഗോതമ്പ്, 4103 ടൺ പഞ്ചസാര, 22598 കിലോ ലിറ്റർ മണ്ണെണ്ണ എന്നിവ പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്തുവരുന്നു. കൂടാതെ 866 മാവേലി സ്റ്റോറുകൾ, 10 സൂപ്പർ മാർക്കറ്റുകൾ, 154 ലാഭം മാർക്കറ്റുകൾ, 20 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ സപ്ലൈകോയുടെ വിതരണ ശൃംഖല വഴി അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിലും, മറ്റ് നിത്യോപയോഗ സാധനങ്ങൾ പൊതു കമ്പോളത്തിലെ വിലയേക്കാൾ 4% മുതൽ 20% വരെ വില കുറച്ചും, ഗുണനിലവാരത്തിലും കൃത്യമായ അളവ് തൂക്കത്തിലും സാധാരണക്കാരന് പ്രാപ്യമായരീതിയിൽ വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ തെരഞ്ഞെടുത്ത 1400-ഓളം റേഷൻ കടകളിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന സാധനങ്ങൾ ഗ്രാമാന്തരങ്ങളിൽ എത്തിക്കത്തക്ക വിധത്തിൽ ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും പട്ടിക വർഗ്ഗക്കാർക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. സുനാമി ദുരന്തംമൂലം ദുരിതം അനുഭവിക്കുന്ന തീരദേശമേഖലയിലെ കുടുംബങ്ങൾക്കും 2 മാസമായി സൗജന്യ റേഷൻ അനുവദിച്ച് വിതരണം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly